സെറീന റബ്ബേഴ്സ്—1.76 ലക്ഷം രൂപ
റേഡിയന്റ് മോൾഡ്—4.33 ലക്ഷം രൂപ
മലബാർ പ്ലൈവുഡ്സ്—9.7 ലക്ഷം രൂപ
രവി ഓയിൽ മിൽസ്—1.03 ലക്ഷം രൂപ
സത്യപ്രകാശ്.കവിത—376 ലക്ഷം രൂപ
ബേബി ജനാർദ്ദനൻ നമ്പ്യാർ—1.54 ലക്ഷം രൂപ
മൊയ്തു ഹാജി, വല്യപള്ളി—1.37 ലക്ഷം രൂപ
സ്റ്റാർ ഐസ് ഫാക്ടറി—1.17 ലക്ഷം രൂപ
കുഞ്ഞബ്ദുള്ള ഹാജി—1.4 ലക്ഷം രൂപ
സി. എം. സാമിൽ—3.39 ലക്ഷം രൂപ

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ഡിസ്കണക്ഷൻ, ഡിസ്മാന്റിലിംഗ്, ആർ.ആർ. ആക്ഷൻ (റവന്യൂ റിക്കവറി ആക്ഷൻ), അദാലത്തുകൾ നടത്തുക മുതലായവയാണ്. പിരിച്ചെടുത്ത കുടിശ്ശിക തുക 276.55 ലക്ഷം രൂപയാണ്.

ഫറോക്ക് കെ.എസ്.ഇ.ബി. ഡിവിഷനിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

36 [1124] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ കുറവുകാരണം ഫറോക്ക് കെ.എസ്.ഇ.ബി. ഡിവിഷനു കീഴിലെ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ സെക്ഷൻ ഓഫീസുകളിലും വേണ്ട ജീവനക്കാർ എത്രയാണെന്നും ഒഴിവുകൾ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഡിവിഷനിൽ കുറവുള്ള ജീവനക്കാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീവനക്കാരുടെ കുറവുകാരണം സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ അധികമായിവരുന്ന പണികൾ ചെയ്യുന്നതിന് കരാർ വ്യവസ്ഥയിൽ ഏർപ്പാടാക്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) പി.എസ്.സി. മുഖേനയും പ്രൊമോഷൻ നൽകിയും ജീവനക്കാരെ നിയമിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly